**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **09-02-2023 - ൽ മറുപടിയ്ക്ക്**

**പബ്ലിക് ഹെൽത്ത് നേഴ്സ് ആയി പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 ജനുവരി 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് വൺ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് പബ്ലിക് ഹെൽത്ത് നഴ്സ് ആയിട്ട് പ്രൊമോഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | 2021 ജനുവരി 1 മുതൽ നാളിതുവരെ 346 പേർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് വൺ തസ്തികയിൽനിന്നും പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഇക്കാലയളവിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഇനിയും എത്ര പേർക്ക് കൂടി പ്രൊമോഷൻ നൽകുമെന്നും അറിയിക്കുമോ; | (ബി) | പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ 2021 ജനുവരി 1 മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള643 ഒഴിവുകളിൽ 346 ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. നിലവിൽ 297 ഒഴിവുകൾ നിലവിലുണ്ട്. ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസർ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നവർക്കാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത്. സീനിയോറിറ്റി അടിസ്ഥാനമാക്കി, ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ പബ്ലിക് ഹെൽത്ത് നഴ്സ് ഒഴിവിന് ആനുപാതികമായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ 2021 ജനുവരി 1 മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള643 ഒഴിവുകളിൽ 346 ഒഴിവുകൾ സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. നിലവിൽ 297 ഒഴിവുകൾ നിലവിലുണ്ട്. ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസർ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്നവർക്കാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത്. സീനിയോറിറ്റി അടിസ്ഥാനമാക്കി, ട്രെയിനിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ